

കവര്‍സ്റ്റോറി

# വംശീയതയുടെ മുറിവുകള്‍

സദ്റുദ്ദീന്‍ വാഴക്കാട്

**വംശീയവികാരം ഏറിയോ കുറഞ്ഞോ അളവില്‍ കലര്‍ന്നിട്ടില്ലാത്ത കലാപങ്ങളോ ഉന്മൂലനശ്രമങ്ങളോ ഗതകാലത്തും സംഭവലോകത്തും കാണാനാകില്ല. സൃഷ്ടിപ്പിന്റെ 'മാഹാത്മ്യം' കൊണ്ട് മനുഷ്യനെക്കാള്‍ ശ്രേഷ്ഠനാണ് താനെന്ന ഇബ്‌ലീസിന്റെ വംശമഹിമാവാദം ഓരോ ചരിത്രഘട്ടത്തിലും കാലാനുസൃതമായ രൂപത്തിലും ഭാവത്തിലും ആവിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.**

**ലോകചരിത്രത്തില്‍** ചോരകൊണ്ട് അനേകം അധ്യായങ്ങള്‍ എഴുതിയ, വര്‍ത്തമാനലോകത്തെ സംഘര്‍ഷങ്ങളുടെയും സംഘട്ടനങ്ങളുടെയും കൂട്ടക്കൊലകളുടെയും നെരിപ്പോടാക്കി മാറ്റിയ അഭിശപ്ത വികാരമാണ് വംശീയത. മാനവികതയുടെ എതിര്‍പക്ഷത്തുനില്‍ക്കുന്ന, സങ്കുചിതത്വത്തിന്റെയും അപരന്മാരോടുള്ള വിവേചനത്തിന്റെയും വിദ്വേഷത്തിന്റെയും പൈശാചിക ഭാവം. സമാധാനപൂര്‍ണവും അക്രമരഹിതവുമായ ലോകം ഒരു 'സ്വപ്നം' മാത്രമാക്കി മാറ്റിയത് വ്യക്തികളുടെയും സമൂഹങ്ങളുടെയും രാഷ്ട്രങ്ങളുടെയും ബോധമണ്ഡലങ്ങളെ കീഴടക്കിയ വംശവെറിയാണ്. വംശീയ വൈരത്തിന്റെ ചൂടറിയാത്ത ഒരു രാഷ്ട്രവും ജനവിഭാഗവും ലോകത്തുണ്ടായിട്ടില്ല. വംശീയവികാരം ഏറിയോ കുറഞ്ഞോ അളവില്‍ കലര്‍ന്നിട്ടില്ലാത്ത കലാപങ്ങളോ ഉന്മൂലനശ്രമങ്ങളോ ഗതകാലത്തും സംഭവലോകത്തും കാണാനുമാകില്ല. സൃഷ്ടിപ്പിന്റെ 'മാഹാത്മ്യം' കൊണ്ട് മനുഷ്യനെക്കാള്‍ ശ്രേഷ്ഠനാണ് താനെന്ന ഇബ്‌ലീസിന്റെ വംശമഹിമാവാദം ഓരോ ചരിത്രഘട്ടത്തിലും കാലാനുസൃതമായ രൂപത്തിലും ഭാവത്തിലും ആവിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

മനുഷ്യസമൂഹത്തിന്റെ ഇന്നലെകളില്‍ വ്യക്തികളും ഗ്രൂപ്പുകളും രാഷ്ട്രങ്ങളും നേതൃത്വം കൊടുത്ത, കേട്ടാലറക്കുന്ന അറുംകൊലകളുടെയും ഉന്മൂലനശ്രമങ്ങളുടെയും മുഖ്യ ഹേതുവായി വര്‍ത്തിച്ചത് വംശീയതയായിരുന്നു. പുരാതന ഈജിപ്തില്‍ ഫറോവയുടെ നേതൃത്വത്തില്‍ ഖിബ്തി ഭൂരിപക്ഷം നടത്തിയ വംശഹത്യാ ശ്രമം മുതല്‍ നമ്മുടെ കാലത്തെ 'ഭീകരതായുദ്ധം' വരെ വംശീയ ഫാഷിസത്തിന്റെ ചരിത്രത്തെ കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. ഇന്ന് ലോകമെങ്ങും കലാപങ്ങളുടെ അഗ്നി ജ്വലിപ്പിക്കുന്നതും രാഷ്ട്രങ്ങള്‍ക്കെതിരായ യുദ്ധങ്ങളും രാഷ്ട്രങ്ങള്‍ക്കകത്തെ സംഘട്ടനങ്ങളും ഊതിക്കത്തിക്കുന്നതും വംശവെറിതന്നെ. 1940കള്‍ മുതല്‍ ഫലസ്ത്വീനികള്‍ക്കെതിരെ അമേരിക്കയുള്‍പ്പെടെയുള്ള രാജ്യങ്ങളുടെ ആശിര്‍വാദത്തോടെ ഇസ്രയേലീ ജൂത-സയണിസ്റ്റ് വംശീയ ഭ്രാന്തന്മാര്‍ നടത്തിക്കൊണ്ടിരിക്കുന്ന നരഹത്യമുതല്‍, ആയിരങ്ങളെ കൊലചെയ്യുകയും ഒരു ജനവിഭാഗത്തെ തന്നെ അഭയാര്‍ഥികളാക്കി ദുരിതക്കടലിലാഴ്ത്തുകയും ചെയ്ത്, വിജയം വരിച്ചു നില്‍ക്കുന്ന (!) തമിഴര്‍ക്കെതിരായ ശ്രീലങ്കന്‍ സിംഹളവംശീയതയും വംശവെറിയുടെ ജീവിക്കുന്ന തെളിവുകളാണ്.

ഈജിപ്തിലെ ഫറോവഭരണത്തില്‍ ഇസ്രാഈല്യര്‍ക്കെതിരെ അഴിഞ്ഞാടിയ ഖിബ്തി ഫാഷിസം, അമേരിക്കയിലെ യഥാര്‍ഥ നിവാസികളായ ചുവന്ന ഇന്ത്യക്കാര്‍ (റെഡ് ഇന്ത്യന്‍സ്)ക്കെതിരെ യൂറോപ്യന്‍ വെള്ളക്കാരന്റെ അധിനിവേശവും വംശീയ ഉന്മൂലനവും, ഹിറ്റ്ലറുടെ നേതൃത്വത്തില്‍ ജൂതരുള്‍പ്പെടെയുള്ള അനാര്യന്മാര്‍ക്കെതിരെ തിമിര്‍ത്താടിയ ആര്യന്‍ ഭീകരവാദം, അറബികളും മുസ്‌ലിംകളുമായ ഫലസ്ത്വീനികള്‍ക്കെതിരിലുള്ള ജൂത-സയണിസ്റ്റ്

കൂട്ടക്കൊലകൾ, ഗുജറാത്തിൽ മുസ്‌ലിംകൾക്കെതിരെ സംഹാരതാണ്ഡവമാടിയ ഹിന്ദുത്വ ഫാഷിസം, ഹുടു, ടുട്സി, ഹെയ്തി, കെനിയ, കിഴക്കൻ തൈമൂർ, സോമാലിയ... ആഫ്രിക്കയെ കലാപകലുഷിതമാക്കുന്ന അനേകം വംശീയ പ്രശ്നങ്ങൾ, ആഫ്രോ അമേരിക്കക്കാരോടുള്ള വെള്ളക്കാരന്റെ വിദ്വേഷം, തിബത്ത് വംശജരോടുള്ള ചൈനീസ് വിവേചനം, ബോസ്നിയ-ഹെർസഗോവിനയിലെ കൂട്ടക്കൊലകൾ, ഇറാഖിലെയും തുർക്കിയിലെയും കുർദ് പ്രശ്നം, ഇന്ത്യയിലെ ആദിവാസി, ദലിത് ഗോത്ര വർഗങ്ങളും പിന്നാക്ക ജാതിക്കാരുമനുഭവിക്കുന്ന പീഡനങ്ങൾ, മറാത്താ വംശജരുടെ തീവ്രവാദം, പാകിസ്താനെ അണയാത്ത കലാപങ്ങളുടെ കേന്ദ്രമാക്കിയ പഷ്തൂണുകളുടെയും മറ്റനേകം വർഗങ്ങളുടെയും വിഭാഗീയതകൾ തുടങ്ങി വംശവിവേചനത്തിന്റെയും വംശഹത്യകളുടെയും ചരിത്രവും വർത്തമാനവും ഏറെ ദൈർഘ്യവും വൈപുല്യവുമുള്ളതാണ്.

വംശവെറിയുടെ വർത്തമാനകാലത്തെ ഏറ്റവും ഭീകരമായ ദുരന്തമാണ് ശ്രീലങ്കയിലേത്. ഫലസ്തീനികൾക്കെതിരായ ജൂത-സയണിസ്റ്റ് വംശഹത്യയുടെയും ഗുജറാത്തിലെ മുസ്‌ലിം വംശഹത്യയുടെയും മറ്റൊരു രൂപമാണ് തമിഴ് വംശക്കാർക്കെതിരെ ശ്രീലങ്കയിൽ നടക്കുന്നത്. തമിഴ് വംശജർക്കെതിരായ വിവേചനത്തിന്റെയും അടിച്ചമർത്തലിന്റെയും രക്തരൂഷിതമായ അധ്യായമാണ് കൂട്ടക്കൊലകളും അഭയാർഥി പ്രവാഹവും സൃഷ്ടിച്ചുകൊണ്ട് ഒരു നിർണായക ഘട്ടത്തിലെത്തിനിൽക്കുന്നത്. ഇനി മരതകദ്വീപിൽനിൽനിന്ന് തമിഴ് വംശജർ ക്രമേണ ഉന്മൂലനം ചെയ്യപ്പെട്ടാലും അത്ഭുതപ്പെടേണ്ടതില്ല. അല്ലെങ്കിൽ അഭയാർഥികളായി അവർ അടിമകളെപ്പോലെ കഴിഞ്ഞുകൂടിയേക്കാം. പ്രശ്നത്തിന് രാഷ്ട്രീയ പരിഹാരം കാണാൻ സാധ്യമായില്ലെങ്കിൽ എൽ.ടി.ടി.ഇയുടെയും പ്രഭാകരന്റെയും പുതിയ രൂപങ്ങൾ ശ്രീലങ്കയുടെയും അയൽനാടുകളുടെയും ഉറക്കം കെടുത്താൻ ഇനിയും ജന്മം കൊണ്ടേക്കും.

എല്ലാതരം വിഭാഗീയതകളെയും സങ്കുചിതത്വങ്ങളെയും അതിജയിക്കുന്ന വിശാല മാനവികതയും സാഹോദര്യവും ഉയർത്തിപ്പിടിക്കാതെ വംശീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവില്ല. ശ്രീലങ്ക, ഗുജറാത്ത്, ഫലസ്തീൻ... വംശഹത്യയുടെ മുറിവുണക്കാൻ മറു മരുന്നുകളില്ല.

### വംശീയതയെന്നാൽ

യഥാർഥമോ സാങ്കൽപികമോ ആയ ഒരു പൊതു പൈതൃകം പങ്കുവെക്കുകയും തദടിസ്ഥാനത്തിൽ മറ്റുള്ളവരിൽനിന്ന് വ്യതിരിക്തത പുലർത്തുകയും സ്വന്തമായ ഒരു സ്വത്വം രൂപീകരിക്കുകയും ചെയ്ത ഒരു ജനവിഭാഗത്തെയാണ് വംശീയ വിഭാഗം (ethnic group-racial group) എന്ന് പറയുന്നത്. മറ്റുള്ളവരിൽനിന്ന് ഒരു വിഭാഗത്തെ വേർതിരിച്ചുനിർത്തുന്ന ഏതു ഘടകവും വംശീയതയുടെ അടിസ്ഥാനമാകാം. ഭാഷ, ദേശം, ഗോത്രം, പാരമ്പര്യം, അനുഷ്ഠാനപരമോ ശരീരശാസ്ത്രപരമോ ആയ ചിഹ്നങ്ങൾ, ജാതി, വർഗം, വർണം, മതം, സംസ്കാരം തുടങ്ങിയതെന്തുമാകാം വംശീയതയെ നിർണയിക്കുന്ന പൊതു പൈതൃകം. ഒരു ദേശത്ത് പ്രത്യേക ഭാഷ സംസാരിക്കുന്നവർ ഒരു വംശീയ വിഭാഗമായി ഗണിക്കപ്പെടുന്നു. ഒരു രാഷ്ട്രത്തിൽ വിദേശ രാജ്യത്തുനിന്ന് കുടിയേറിപ്പാർത്തവർ, ഒരേ വർണമുള്ളവർ, ഒരേ മതക്കാർ, ഗോത്ര-സംസ്കാര പാരമ്പര്യമുള്ളവർ ഇവരും വംശീയ വിഭാഗങ്ങളായി പരിഗണിക്കപ്പെടുന്നു.

മതം, വർണം, ജാതി, വർഗം, ദേശം തുടങ്ങിയ എന്തിന്റെ പേരിലുമുള്ള വിവേചനങ്ങളും പീഡനങ്ങളും കലാപങ്ങളും വംശീയത വിവിധ രൂപത്തിൽ പ്രവർത്തിക്കുന്നതിന്റെ ഫലങ്ങളാണ്. ഏതെങ്കിലുമൊരു പൊതു പ്രവണതയെ അടിസ്ഥാനമാക്കി രൂപംകൊണ്ട വംശീയതക്കകത്തുതന്നെ, അതിനെ അപ്രസക്തമാക്കുന്ന മറ്റനേകം വംശീയതകൾ ഉണ്ടാകും. വിദേശരാജ്യക്കാർക്ക് 'ഇന്ത്യൻ വംശജർ' ഒരു പ്രത്യേക വംശീയ വിഭാഗമാണ്; ഇന്ത്യക്കാർക്ക് തിരിച്ചും. എന്നാൽ ഇന്ത്യക്കകത്ത് 'ഇന്ത്യൻ വംശജർ' അനേകം വംശീയതകളായി വേർപിരിയുകയും അകന്ന് നിൽക്കുകയും ചെയ്യുന്നു. ഹിന്ദു, മുസ്‌ലിം, ക്രിസ്ത്യൻ, സിഖ്, ദലിത്, ആദിവാസി വംശീയതകൾ ഉദാഹരണം. ഇതര വംശജരെ ശത്രുക്കളായി കാണുന്ന ഹിന്ദുത്വവാദക്കാർക്കിടയിൽതന്നെ ഭിന്ന വംശീയതകളുണ്ട്. താക്കറെയുടെ നേതൃത്വത്തിൽ മറാത്ത വംശജർ ഹിന്ദുക്കളുൾപ്പെടെയുള്ളവർക്കെതിരെ നടത്തുന്ന ആക്രമണങ്ങൾ ഇതിന്റെ തെളിവാണ്. ഒരേ മതത്തിന്റെ അനുയായികൾ ഭാഷ-വർഗം-വർണം-ജാതി വ്യത്യാസങ്ങൾക്കനുസരിച്ച് വിവിധ വംശങ്ങളായി വേർപിരിയുന്നതും കാണാം. ക്രിസ്തുമതക്കാരിലെ വെള്ളക്കാർ, കറുത്തവർ, ദലിത് വിഭാഗങ്ങൾ തുടങ്ങിയവരും, ഹിന്ദുമതക്കാരിലെ ജാതി, ഗോത്ര, ഭാഷാ കലഹങ്ങളും ഉദാഹരണം. മുസ്‌ലിംകൾക്കിടയിലും ഇതിന്റെ ചില രൂപങ്ങളുണ്ട്. പാകിസ്താനിലെ മുഹാജിറുകൾ, പഷ്തൂണുകളുൾപ്പെടെയുള്ള വിവിധ ഗോത്രവർഗങ്ങൾ, ബംഗ്ലാ ഭാഷയുടെ പേരിൽ ഭിന്നിച്ചുപോയ ബംഗ്ലാദേശുകാർ തുടങ്ങിയവർ ഒരേ മതത്തിൽ വിശ്വസിക്കുന്നവരാണെങ്കിലും ഭിന്ന വംശീയതകളെ അടയാളപ്പെടുത്തുന്നു. ശ്രീലങ്കയിലെ തമിഴ്-സിംഹള സംഘർഷം ഭാഷയുടെ അടിസ്ഥാനത്തിലുള്ള വംശീയതയാണ്. ശ്രീലങ്കൻ തമിഴ് വംശജ



**മറ്റുള്ളവരിൽനിന്ന് ഒരു വിഭാഗത്തെ വേർതിരിച്ചുനിർത്തുന്ന ഏതു ഘടകവും വംശീയതയുടെ അടിസ്ഥാനമാകാം. ഭാഷ, ദേശം, ഗോത്രം, പാരമ്പര്യം, അനുഷ്ഠാനപരമോ ശരീരശാസ്ത്രപരമോ ആയ ചിഹ്നങ്ങൾ, ജാതി, വർഗം, വർണം, മതം, സംസ്കാരം തുടങ്ങിയതെന്തുമാകാം വംശീയതയെ നിർണയിക്കുന്ന പൊതു പൈതൃകം.**




**ബഹു സാംസ്കാരികതയുടെ 'ആഗോള ഗ്രാമം' യാഥാർഥ്യമായ കാലത്ത് വംശീയതയുടെ ഇടുങ്ങിയ കമ്പാർട്ടുമെന്റുകൾ അപ്രസക്തമാകേണ്ടിയിരുന്നതാണ്. എന്നാൽ ആധുനികതയുടെ ദേശരാഷ്ട്ര സങ്കൽപങ്ങളും ഉത്തരാധുനികതയുടെ സ്വത്വരാഷ്ട്രീയ ചിന്തകളും വംശീയതക്ക് പുതിയ മാനങ്ങൾ നൽകുകയാണുണ്ടായത്. ബഹുസ്വരത എടുത്തണിയേണ്ട രാഷ്ട്രങ്ങൾക്കകത്ത് ഉപദേശീയതകളും പ്രാദേശിക വാദങ്ങളുമാണ് ബലപ്പെടുന്നത്.**

ർക്കിടയിൽ തന്നെ ശ്രീലങ്കൻ തമിഴൻ, ഇന്ത്യൻ തമിഴൻ എന്ന ഉപ വംശീയ പ്രവണതകളും കാണാം. തമിഴ് സംസാരിക്കുന്ന മുസ്‌ലിംകളെ തമിഴ് വംശീയവാദികൾ ആക്രമിക്കുന്നത് ഭാഷാ വംശീയതക്കപ്പുറം 'മത വംശീയത' അവരിൽ കുടികൊള്ളുന്നതുകൊണ്ടാണ്.

റേസിസം, എത്നിസിറ്റി (Racism, Ethnicity) എന്നീ പദങ്ങളെയാണ് വംശീയതയെന്ന് ഭാഷാന്തരം ചെയ്യാറുള്ളത്. എത്നോസ് (ethnos) എന്ന ഗ്രീക്ക് പദത്തിൽനിന്നുള്ളതാണ് എത്നിസിറ്റി. ജനം (People), ഗോത്രം, കുലം (Tribe) എന്നൊക്കെയാണ് എത്നിസിറ്റിയുടെ അർഥം. പതിനാലാം നൂറ്റാണ്ട് മുതൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യം വരെ, ക്രിസ്ത്യൻ- ജൂത- ഇസ്‌ലാം ഇതര വിശ്വാസം (pagan/heathen) എന്ന അർഥത്തിലാണ് എത്നിസിറ്റി ഉപയോഗിച്ചിരുന്നത്. സംസ്കാരം, ഭാഷ, മതം, സ്വഭാവപരമോ ശരീരശാസ്ത്രപരമോ ആയ പ്രത്യേകതകൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ജനങ്ങൾ സംഘടിക്കാൻ തുടങ്ങുകയും അവ സ്വത്വരൂപീകരണത്തിന്റെ പ്രത്യേക മാനങ്ങൾ കൈവരിക്കുകയും ചെയ്തതോടെ അത്തരം കൂട്ടായ്മകളെ എത്നിക്ക് ഗ്രൂപ്പുകൾ എന്ന് വിശേഷിപ്പിക്കുകയും വംശീയത പ്രത്യേക പഠനവിഷയമാവുകയും ചെയ്തു. ഏതാണ്ട് എത്നിസിറ്റിയുടെ സമാന ആശയം തന്നെയാണ് 'റേസിസ'ത്തിനുമുള്ളത്. വംശവിവേചനത്തെ കുറിക്കാൻ റേഷ്യൽ ഡിസ്ക്രിമിനേഷൻ, എത്നിക് ഡിസ്ക്രിമിനേഷൻ എന്നീ പ്രയോഗങ്ങൾ പര്യായങ്ങളായാണ് ഉപയോഗിക്കാറുള്ളത്. ഒരു പ്രത്യേക ജനവിഭാഗം മറ്റു വിഭാഗങ്ങളേക്കാൾ മേന്മയും മഹത്വവും അവകാശപ്പെടുകയും അവർക്കു മേൽ മേധാവിത്വം വാദിക്കുകയും ചെയ്യുന്നതാണ് റേസിസം അഥവാ വംശീയത.

സാമൂഹിക ശാസ്ത്രജ്ഞരും നരവംശ ശാസ്ത്രജ്ഞരും വംശീയതയെക്കുറിച്ച് ഗവേഷണം നടത്തുകയും പഠനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. *എത്നിസിറ്റി: ആന്ത്രോപോളജികൽ കൺസ്ട്രക്ഷൻസ്* (Marcus Banks- 1996), *സ്മാൾ പ്ലേസസ്, ലാർജ് ഇഷ്യൂസ്, ആൻ ഇൻട്രൊഡക്ഷൻ ടു സോഷ്യൽ ആന്റ് കൾച്ചറൽ ആന്ത്രോപോളജി* (T.H Eriksen IInd edition 2001), *എത്നിക് ഗ്രൂപ്പ്സ് ആന്റ് ബൗണ്ടറീസ്* (Fredrik Barth 1969), *യൂറോപ്പ് ആന്റ് ദ പീപ്പ്ൾ വിതൗട്ട് ഹിസ്റ്ററി* (Eric Worf 1982), *ഓൾഡ് സൊസൈറ്റീസ് ആന്റ് ന്യൂ സ്റ്റേറ്റ്സ് ദ കസ്റ്റ്യൻ ഫോർ മോഡേണിറ്റി ഇൻ ആഫ്രിക്ക ആന്റ് ഏഷ്യ* (Geertz clofford 1967), *ദി എത്നിക് ഒറിജിൻസ് ഓഫ് നാഷൻസ്* (Smith, Anthony 1986), *നാഷനൽ ഐഡന്റിറ്റി* (Anthony smith 1991), *എത്നിക് ഐഡന്റിറ്റി, നാഷനൽ ഐഡന്റിറ്റി* (T.H Eriksen- 2001), *എത്നിസിറ്റി: പ്രോബ്ലം ആന്റ്ഫോകസ് ഇൻ ആന്ത്രോപോളജി* (Cohen, Ronald- 1978), *എത്നിസിറ്റി: റൈസ് ആന്റ് പോസിബ്ൾ ഹ്യൂമാനിറ്റി* (Ibizaden, Arash- 2001) തുടങ്ങിയവ ഇവ്വിഷയത്തിൽ രചിക്കപ്പെട്ട പ്രധാന കൃതികളാണ്. വംശീയതയെ ആഴത്തിൽ അപഗ്രഥിക്കുന്ന പഠനങ്ങളോ വർത്തമാനലോകത്തെ വംശീയ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്ന കൃതികളോ മലയാളത്തിൽ ഒന്നുപോലും കാണാനില്ല.

വംശീയത, മനുഷ്യനിൽ പ്രകൃതി സഹജമായി കുടികൊള്ളുന്നതാണോ സാഹചര്യങ്ങളാൽ സൃഷ്ടിക്കപ്പെടുന്നതാണോ എന്ന ചർച്ച നരവംശ ശാസ്ത്രജ്ഞരും സാമൂഹിക ശാസ്ത്രജ്ഞരും നടത്തിയിട്ടുണ്ട്. വംശീയതക്ക് കാരണമാകുന്ന പൊതു പാരമ്പര്യത്തെ അപഗ്രഥിക്കുമ്പോൾ, മനുഷ്യനിൽ കുടികൊള്ളുന്ന പ്രകൃതി ഘടകങ്ങളും, പിന്നീട് സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന ഘടകങ്ങളുമൊക്കെ അതിന് അടിസ്ഥാനമാകുന്നുവെന്ന് കാണാനാകും. ബഹു സാംസ്കാരികതയുടെ 'ആഗോള ഗ്രാമം' യാഥാർഥ്യമായ കാലത്ത് വംശീയതയുടെ ഇടുങ്ങിയ കമ്പാർട്ടുമെന്റുകൾ അപ്രസക്തമാകേണ്ടിയിരുന്നതാണ്. എന്നാൽ ആധുനികതയുടെ ദേശരാഷ്ട്ര സങ്കൽപങ്ങളും ഉത്തരാധുനികതയുടെ സ്വത്വരാഷ്ട്രീയ ചിന്തകളും വംശീയതക്ക് പുതിയ മാനങ്ങൾ നൽകുകയാണുണ്ടായത്. ബഹുസ്വരത എടുത്തണിയേണ്ട രാഷ്ട്രങ്ങൾക്കകത്ത് ഉപദേശീയതകളും പ്രാദേശിക വാദങ്ങളുമാണ് ബലപ്പെടുന്നത്. വംശീയതയാണ് ഇന്ന് ഉപദേശീയതകളുടെയും പ്രാദേശികവാദങ്ങളുടെയും പ്രധാന പ്രചോദനമായി കുടികൊള്ളുന്നത്. ദേശീയതയുടെ അടിസ്ഥാനം വംശീയതയായി മാറിയതോടെയാണ്, അത് വംശഹത്യകളുടെ ഭീകരരൂപം പ്രാപിച്ചത്. അപരവംശങ്ങളെ ദേശീയതയുടെ ശത്രുസ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന മുഖ്യ വംശം, ന്യൂനപക്ഷവംശക്കാരെ ഉന്മൂലനം ചെയ്ത് 'വംശ രാഷ്ട്രത്തെ' ശുദ്ധവും സുരക്ഷിതവുമാക്കി മാറ്റാൻ ശ്രമിക്കുന്നു. ഇസ്രയേൽ വംശത്തിലെ ആൺകുട്ടികളെ കൊന്നൊടുക്കാൻ ഫറോവയുടെ സ്റ്റേറ്റ് വംശീയത നടത്തിയ ശ്രമങ്ങളും, ഹിറ്റ്ലർ അനാര്യരെ ഉന്മൂലനം ചെയ്ത് ആര്യൻ വംശജരുടെ ശുദ്ധ ജർമനി സ്ഥാപിക്കാൻ തുനിഞ്ഞതും വംശീയതക്ക് ദേശീയതയുടെ രൂപപരിണാമം വന്നതിന്റെ ഉദാഹരണങ്ങളാണ്. ആര്യ-ബ്രാഹ്മണിക ദേശീയത്വത്തിനുവേണ്ടി മറ്റുള്ളവരെ ഉന്മൂലനം ചെയ്യുകയോ അടിമകളാക്കുകയോ ചെയ്യുന്ന സംഘ്പരിവാറും ചെയ്യുന്നതും അതുതന്നെ. തമിഴ്-സിംഹള വംശീയതകൾ അതിരൂക്ഷമായ സായുധസംഘട്ടനത്തിന്റെ അധ്യായങ്ങൾ രചിച്ചത് അവ രണ്ടും ദേശീയതയുമായി ഘടിപ്പിക്കപ്പെട്ടതുകൊണ്ടു കൂടിയാണ്. ശ്രീലങ്കയെന്ന 'സിംഹള വംശീയ രാഷ്ട്രം' ദേശീയതയുടെ ശത്രുക്കളായാണ് തമിഴ് വംശജരെ കണ്ടത്. തമിഴ് വംശജരാകട്ടെ ശ്രീലങ്കയിൽ

ഒരു 'തമിഴ് ഈഴം' - തമിഴ് വംശീയ രാഷ്ട്രം-തന്നെയാണ് തങ്ങളുടെ പ്രശ്നത്തിന് പരിഹാരം എന്നും ചിന്തിച്ചു.

വംശീയതക്ക് ദേശീയതയുമായുള്ള ഈ ബന്ധം കാരണമാകാം, വംശീയ സംഘട്ടനങ്ങളിൽ എപ്പോഴും ഒരു വിഭാഗത്തിനെതിരെ ദേശവിരുദ്ധത ആരോപിക്കപ്പെടുന്നത്.

## വംശീയതയുടെ ഇനങ്ങൾ

വംശീയതക്ക് കാരണമാകുന്ന പൊതു പ്രവണതകളെ അടിസ്ഥാനമാക്കി സാമൂഹിക ശാസ്ത്രജ്ഞർ വംശീയതയെ നാലായി തരംതിരിച്ചിട്ടുണ്ട്. ചരിത്രപരമായ വംശീയത, ശാസ്ത്രീയ വംശീയത, സ്ഥാപനവത്കൃത വംശീയത, നവവംശീയത എന്നിവയാണവ.

### ചരിത്രപരമായ വംശീയത
### (Historical Racism)

പാരമ്പര്യത്തെയും തദ്വാരാ ലഭ്യമാകുന്ന പൊതു ആചാരങ്ങളെയും അടിസ്ഥാനമാക്കിയുള്ളതാണ് 'ചരിത്രപരമായ വംശീയത.' ചരിത്രത്തിൽ ഒരു പൊതു ഉൽപത്തി അവകാശപ്പെടുന്ന ജനവിഭാഗം, അതിന്റെ പേരിൽ മാത്രം ഒരു വംശീയത രൂപപ്പെടുത്തിയെടുക്കുന്നു. ശരീരശാസ്ത്രപരമോ ഭാഷാപരമോ ആയ സവിശേഷതകളായിരിക്കില്ല ഈ വംശീയതയുടെ അടിസ്ഥാനം. വിവിധ ഭൂഖണ്ഡങ്ങളിൽ, ഭിന്ന രാഷ്ട്രങ്ങളിൽ ചിതറിക്കപ്പെട്ട് കഴിയുന്നവരോ, ഒരേ രാഷ്ട്രത്തിൽതന്നെ ജീവിക്കുന്നവരോ ആയവർ ചരിത്രത്തിൽ ചില വിഷയങ്ങളിൽ ഒന്നിച്ചതിന്റെ പേരിൽ ഒരു വംശമായി രൂപപ്പെടുന്നു. യൂറോപ്പിലെ വംശ രാഷ്ട്ര സങ്കൽപങ്ങൾക്ക് നിദാനമായത് ചരിത്രപരമായ വംശീയതയാണ്. ദേശീയ ചിഹ്നങ്ങളെ അവർ വംശീയതയുടെ മുദ്രകളായി ഉപയോഗിക്കുകയുണ്ടായി. നാസി കഴുകൻ (Nazi eagle), ആര്യൻ സ്വസ്തിക് (Aryan cross) തുടങ്ങിയവ ഉദാഹരണം. അപര ജനവിഭാഗങ്ങളേക്കാൾ തങ്ങൾക്ക് ഒട്ടേറെ സവിശേഷതകളുണ്ടെന്നും അത് പാരമ്പര്യമായി ലഭിക്കുന്നതാണെന്നും അതുകൊണ്ട് മേധാവിത്വവും നേതൃത്വവും ഭരണാധികാരവും തങ്ങളിൽ നിക്ഷിപ്തമാണെന്നും അവകാശപ്പെടുന്നതാണ് ചരിത്രപരമായ വംശീയവാദത്തിന്റെ സവിശേഷത.

### ശാസ്ത്രീയ വംശീയത
### (Scientific Racism)

ശാരീരകമായ സവിശേഷതകളെ ആധാരമാക്കി രൂപപ്പെടുന്നതാണ് 'ശാസ്ത്രീയ വംശീയത'. ഇതര വിഭാഗങ്ങളെ അപേക്ഷിച്ച് ശരീരശാസ്ത്രപരമായ സവിശേഷതകളുള്ളവരാണ് തങ്ങളെന്ന് അവകാശപ്പെടുന്ന ഒരു ജനവിഭാഗം തദടിസ്ഥാനത്തിൽ മേന്മയും മേധാവിത്വവും വാദിക്കുന്നു. തലച്ചോറിന്റെ വലിപ്പം, ആകൃതി, ചരിഞ്ഞ നെറ്റിത്തടം, വെളുത്തനിറം തുടങ്ങിയ ശരീരശാസ്ത്രപരമായ ഘടകങ്ങളാണ് ഈ വംശീയവാദങ്ങൾക്ക് അടിസ്ഥാനം. ബുദ്ധിപരമായ പ്രവർത്തനങ്ങൾ, നേതൃശേഷി, ഭരണനിർവഹണം തുടങ്ങിയവയിലൊക്കെ മേധാവിത്വം അവകാശപ്പെടുന്ന ഇത്തരം വംശീയ വിഭാഗങ്ങൾ അധികാരക്കൊതിയുടെ വംശീയതയെയാണ് പ്രതിനിധീകരിക്കുന്നത്. സാമ്രാജ്യത്വ അധിനിവേശങ്ങളെ, 'അധമവംശങ്ങളെ' നാഗരികവത്കരിക്കാനും സംസ്കാരം പഠിപ്പിക്കാനുമുള്ള തങ്ങളുടെ ദൗത്യമായി ന്യായീകരിക്കുന്നത് ഈ വംശീയതയുടെ ഭാഗമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം നൽകാനുള്ള ശ്രമങ്ങളെ എതിർക്കുന്ന മേൽജാതി സവർണ വാദങ്ങളും ഇതിന്റെ ബഹിർസ്ഫുരണമാണ്. മികച്ച ബുദ്ധിശാലികൾക്ക് മാത്രം പ്രാപ്യമാകുന്ന ഉന്നത വിദ്യാഭ്യാസരംഗത്ത് ബുദ്ധിപരമായി പിന്നാക്കം നിൽക്കുന്ന വംശങ്ങൾക്ക് പ്രവേശനം നൽകിയാൽ വിദ്യാഭ്യാസത്തിന്റെ നിലവാരം നഷ്ടപ്പെടും എന്ന് വാദിക്കുന്നത് വംശവെറിയുടെ അടയാളമാണ്.

### സ്ഥാപനവത്കൃത വംശീയത
### (Institutional Racism)

ഭരണകൂട വംശീയത (State Racism)യാണ് 'സ്ഥാപനവത്കൃത വംശീയത'യെന്നതുകൊണ്ട് മുഖ്യമായും ഉദ്ദേശിക്കുന്നത്. വിവിധ ഭരണകേന്ദ്രങ്ങൾ, ഗവ. ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നിയമപാലനം, തൊഴിലിടങ്ങൾ തുടങ്ങിയവയിൽ നിലനിൽക്കുന്ന വംശവിവേചനമാണ് സ്ഥാപനവത്കൃത വംശീയത. ഒരു പ്രത്യേക വിഭാഗം തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനും ഇതര വിഭാഗങ്ങളിൽ നിന്നുള്ള വ്യത്യാസങ്ങൾ വിപുലപ്പെടുത്തി മേധാവിത്വം നിലനിർത്താനും ഭരണത്തെയും ഗവൺമെന്റ് സംവിധാനത്തെയും ഉപയോഗപ്പെടുത്തുന്നു. നിലവിലുള്ള സാമൂഹിക ഘടനയും സ്ഥാപനങ്ങളും ആസൂത്രിതവും വ്യവസ്ഥാപിതവുമായി അതിനു വേണ്ടി അവർ ഉപയോഗിക്കുന്നു. രാഷ്ട്രത്തിനകത്തെ വംശീയ ന്യൂനപക്ഷങ്ങളെ രണ്ടാംതരം പൗരന്മാരായി കണ്ടുകൊണ്ട് ആരംഭിക്കുന്ന വംശീയവിവേചനം സ്റ്റേറ്റ് സ്പോൺസേർഡ് വംശഹത്യകളിലൂടെ വംശീയതയുടെ വിജയമാഘോഷിക്കും. ദക്ഷിണാഫ്രിക്കയിലെ അപ്പാർത്തീഡും അമേരിക്കയിലെ ജിം ക്രോ ലോയും ഇസ്രയേൽ രാഷ്ട്രത്തിന്റെ രൂപമണിഞ്ഞ ജൂത-സയണിസ്റ്റ് ഭീകരതയും ഇതിന്റെ വിവിധ മുഖങ്ങളാണ്. സിംഹള വംശീയതയുടെ 'ശ്രീലങ്കൻ ഭരണകൂടരൂപം' ഇതിന്റെ വർത്തമാനകാല സാക്ഷ്യമാണ്.

### നവവംശീയത
### (New Racism)

കുടിയേറ്റം (emigration), ഉദ്ഗ്രഥനം (integration) സാംസ്കാരിക മൂല്യങ്ങളുടെയും മറ്റും ആദാനപ്രദാനങ്ങളിലൂടെ രൂപപ്പെട്ടുവരുന്ന വിവിധ വിഭാഗങ്ങളുടെ സമന്വയം തുടങ്ങിയവയിലൂടെ രൂപപ്പെടുന്നതാണ് 'നവവംശീയത.'

പാരമ്പര്യങ്ങൾക്കും ശരീരശാസ്ത്രപരമായ മാനങ്ങൾക്കും അപ്പുറത്താണ് വംശീയതയുടെ പുതിയ പ്രവണതകൾ. നരവംശ ശാസ്ത്ര സങ്കൽപങ്ങൾ, ദീർഘകാലം നിലനിൽക്കുന്ന വംശമഹിമക്കോ, സാംസ്കാരികമോ മറ്റോ ആയ മഹത്വത്തിനോ അപകർഷതക്കോ കാരണമാവുകയില്ലെന്നതാണ് പല സാമൂഹിക ശാസ്ത്രജ്ഞരുടെയും നിരീക്ഷണം. എതിർവാദങ്ങളും സജീവമാണെങ്കിലും പുതുതായി രംഗപ്രവേശം ചെയ്യുന്ന നിരവധി വംശീയ പ്രശ്നങ്ങളെ നവവംശീയതയുടെ തലത്തിൽ നിന്നുകൊണ്ട് വിശകലനം ചെയ്യാവുന്നതാണ്. വിവിധ രാഷ്ട്രങ്ങളിലെ കുടിയേറ്റ ജനതയുടെ വംശീയ പ്രശ്നങ്ങൾ, വിവാഹത്തിലൂടെയും മറ്റും വിവിധ വംശങ്ങൾ സമന്വയിച്ച് ഉണ്ടാകുന്ന പുതിയ സങ്കര വംശീയതകൾ, അവരുടെ സ്വത്വരൂപീകരണ ശ്രമങ്ങൾ തുടങ്ങിവയാണ് ഇതിന്റെ അന്വേഷണപരിധിയിൽ വരിക. ■

(തുടരും)

sadarvzkd@yahoo.co.in